ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) 2001-ൽ റേഷൻ കാർഡുകൾ പുതുക്കി നൽകിയപ്പോൾ ചിറ്റൂർ തത്തമംഗലം പ്രദേശങ്ങളിൽ പല ദരിദ്ര കുടുംബങ്ങൾക്കും ബി.പി.എൽ. എന്നതിനു പകരം എ.പി.എൽ. എന്ന് തെറ്റായി എഴുതിയ കാർഡുകൾ നൽകിയിരുന്നു. ആ കാർഡുകൾ പിന്നീട് തിരുത്തി ബി.പി.എൽ. കാർഡുകളാക്കി നൽകിയിട്ടുണ്ട്. എന്നാൽ പുതുതായി എ.പി.എൽ. കാർഡുകാരെ ബി.പി.എൽ. ആക്കി മാറ്റാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ഇപ്പോൾ നിർവ്വാഹമില്ല. പുതിയ ബി.പി.എൽ. സെൻസസ് പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അവർ ബി.പി.എൽ. വിഭാഗത്തിലാണ് വരുന്നതെങ്കിൽ അപ്പോൾ മാത്രമേ അവർക്ക് ബി.പി.എൽ. കാർഡുകൾ നൽകാൻ കഴിയുകയുള്ളു.

കൺസ്യൂമർ കോടതികളിൽ നിലവിലുള്ള കേസ്സുകൾ

37 [2900] ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീമതി. രാധാരാഘവൻ:
ശ്രീ. കെ. സി. വേണുഗോപാൽ:
,, എം. എ. ചന്ദ്രശേഖരൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൺസ്യൂമർ കോടതികളിൽ 31-3-2004-ന് എത്ര കേസ്സുകൾ നിലവിലുണ്ടായിരുന്നു; അതിനുശേഷം ഇതുവരെ എത്ര കേസ്സുകൾ പുതുതായി ഫയൽ ചെയ്യപ്പെട്ടു; ഈ വർഷം എത്ര കേസ്സുകളിലാണ് തീരുമാനമെടുത്തത്;

(ബി) സ്റ്റേറ്റ് കൺസ്യൂമർ കോടതി ഈ വർഷം എത്ര കേസ്സുകളിൽ തീരുമാനമെടുത്തു; അവിടെ ഇപ്പോൾ എത്ര കേസ്സുകൾ പെൻഡിംഗ് ഉണ്ട്;

(സി) കൂടുതൽ കൺസ്യൂമർ കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൺസ്യൂമർ കോടതികളിൽ 31-3-2004-ന് 10056 കേസ്സുകൾ നിലവിലുണ്ടായിരുന്നു. അതിനുശേഷം 30-6-2004 വരെ 1498 കേസ്സുകൾ പുതുതായി ഫയൽ ചെയ്യപ്പെട്ടു. ഈ വർഷം 3265 കേസ്സുകളിൽ തീരുമാനമെടുത്തു.

(ബി) 203 കേസ്സുകളിൽ തീരുമാനമെടുത്തു. 3309 കേസ്സുകൾ പെൻഡിംഗ് ഉണ്ട്.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly